REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-10-2023 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- സിക്കിമിലെ ലോണാക് തടാകത്തിന് സമീപം മേഘവിസ്ഫോടനത്തെ തുടർന്നുണ്ടായ മിന്നൽ പ്രളയത്തിൽ 23 സൈനികരെ കാണാതായി.
- പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജസ്ഥാനിലെ ജോധ്പൂരിൽ 5,000 കോടി രൂപയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് തുടക്കമിടും.
- മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളുടെ അവലോകന യോഗം നാളെ കോഴിക്കോട്ട്.
- ഹാങ്ജൗ ഏഷ്യൻ ഗെയിംസിൽ ചരിത്രത്തിലെ ഏറ്റവും മികച്ച മെഡൽ നേട്ടം സ്വന്തമാക്കി ഇന്ത്യയുടെ കുതിപ്പ് തുടരുന്നു.
- ലോകകപ്പ് ഏകദിന ക്രിക്കറ്റിന് നാളെ അഹമ്മദാബാദിൽ തുടക്കമാകും.

## വാർത്തകൾ വിശദമായി

**സിക്കിമിലെ ലോണാക് തടാകത്തിന് സമീപം മേഘവിസ്ഫോടനത്തെ തുടർന്നുണ്ടായ മിന്നൽ പ്രളയത്തിൽ 23 സൈനികരെ കാണാതായി. ടീസ്റ്റ നദി കരകവിഞ്ഞ് ലാച്ചൻ താഴ്-വരയിലെ സൈനിക ക്യാമ്പുകൾക്ക് നാശനഷ്ടം നേരിട്ടു.**

ഒട്ടേറെ വാഹനങ്ങൾ ഒഴുകിപ്പോയി. കാണാതായവർക്കായി സൈന്യവും ദുരന്ത നിവാരണ സേനയും തിരച്ചിൽ തുടരുകയാണ്. വൈദ്യുതി, ടെലിഫോൺ ബന്ധങ്ങൾ പൂർണമായി തകർന്നിട്ടുണ്ട്. പലയിടത്തും ദേശീയപാത വെള്ളപ്പാച്ചിലിൽ തകർന്നു.

പശ്ചിമബംഗാളിനെയും സിക്കിമിനെയും ബന്ധിപ്പിക്കുന്ന ദേശീയ പാതയും പലയിടത്തും തകർന്നതായി സിക്കിം ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. നാശനഷ്ടങ്ങളുടെ വ്യാപ്തി സംസ്ഥാന ഭരണകൂടം വിലയിരുത്തി വരികയാണ്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജസ്ഥാനിലെ ജോധ്പൂരിൽ 5,000 കോടി രൂപയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് തുടക്കമിടും. റോഡ്, റെയിൽവേ, വ്യോമയാനം, ആരോഗ്യം, ഉന്നതവിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലാണ് പുതിയ പദ്ധതികൾ.

1,135 കോടി രൂപ ചെലവിൽ നിർമ്മിച്ച ജോദ്പൂർ I.I.T യുടെ പുതിയ ക്യാമ്പസ് പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിക്കും. 480 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ജോധ്പൂർ വിമാനത്താവളത്തിലെ പുതിയ ടെർമിനൽ, 350 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ജോധ്പൂർ എയിംസിലെ പുതിയ ട്രോമാകെയർ ബ്ലോക്ക് തുടങ്ങിയവയ്ക്കും പ്രധാനമന്ത്രി ശിലാസ്ഥാപനം നടത്തും.

✪✪✪

വഴിയോര കച്ചവടക്കാർക്കായി തയ്യാറാക്കിയ പ്രധാനമന്ത്രി ആത്മനിർഭർ നിധി, പി എം സ്വനിധി എന്നിവ രാജ്യത്തെ അൻപതു ലക്ഷത്തിലധികം കച്ചവടക്കാർക്ക് സഹായകമായതായി കേന്ദ്ര ഗവണ്മെന്റ് അറിയിച്ചു. നഗരങ്ങളിലെ അനൗപചാരിക സമ്പദ് വ്യവസ്ഥയുടെ വളർച്ചയിൽ തെരുവ് കച്ചവടക്കാർ ഏറെക്കാലമായി അവിഭാജ്യ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നതെന്ന് കേന്ദ്ര ഭവന നഗര കാര്യ മന്ത്രാലയം അറിയിച്ചു.

ഔപചാരിക സമ്പദ് വ്യവസ്ഥയിലേക്ക് തെരുവ് കച്ചവടക്കാരെ കൊണ്ടുവരുന്നതിനും അവരെ പുരോഗതിയിലേക്ക് നയിക്കുന്നതും പദ്ധതി നിർണ്ണായക പങ്കാണ് വഹിക്കുന്നതെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

രാജ്യവ്യാപകമായി ഞായറാഴ്ച്ച നടന്ന ശുചീകരണ യജ്ഞമായ ഏക് താരിഖ് - ഏക് ഖണ്ഡ, ഏക് സാത് പദ്ധതിയുടെ ഭാഗമായ ക്ളീൻ ഡ്രൈവിൽ ഒൻപത് ലക്ഷം സ്ഥലങ്ങളിൽ എട്ടു കോടി എഴുപത്തിയഞ്ച് ലക്ഷം ആളുകൾ പങ്കെടുത്തതായി കേന്ദ്ര ഭവന-നഗര കാര്യ മന്ത്രാലയം അറിയിച്ചു. ആളുകളുടെ കൂട്ടായ പ്രവർത്തനമാണ് എല്ലാ സ്ഥലങ്ങളിലും ദൃശ്യമായതെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോഓപ്പറേഷനും ഇന്ത്യ ഗവണ്മെന്റും പ്രധാന നിക്ഷേപകരായി 600 മില്യൺ ഡോളറിന്റെ ഇന്ത്യ-ജപ്പാൻ ഫണ്ട് രൂപീകരിക്കുന്നതിന്

നാഷണൽ ഇൻവെസ്റ്റ്മെന്റ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് നടപടികൾ പൂർത്തിയാക്കി. ഇരു രാജ്യങ്ങളും പ്രാധാന്യം നൽകുന്ന കാലാവസ്ഥ, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കാൻ ഈ സംയുക്ത സംരംഭം ലക്ഷ്യമിടുന്നു.

✪✪✪

സംസ്ഥാനത്തെ വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തന മികവിന് നൽകുന്ന പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഏറ്റവും മികച്ച പൊതുമേഖലാ സ്ഥാപനമായി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിനെ തെരഞ്ഞെടുത്തു. 100 കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവ് നേടിയ വിഭാഗത്തിലാണ് കൊച്ചിൻ കെമിക്കൽസ് ഈ പുരസ്കാരം നേടിയതെന്ന് മന്ത്രി P. രാജീവ് ഫേസ്ബുക്കിൽ കുറിച്ചു.

100 കോടി രൂപയ്ക്ക് താഴെയും, 25 കോടി രൂപയ്ക്ക് മുകളിലും വിറ്റുവരവ് നേടിയ വിഭാഗത്തിൽ മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽസും 25 കോടി രൂപ താഴെ വിഭാഗത്തിൽ കേരളാ സെറാമിക്സ് ലിമിറ്റഡിനുമാണ് പുരസ്കാരം. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ രേഖപ്പെടുത്തിയ വാർഷിക വളർച്ചാ നിരക്ക് ഉൾപ്പെടെ ഘടങ്ങൾ പരിഗണിച്ചാണ് പുരസ്കാര നിർണയമെന്ന് മന്ത്രി രാജീവ് അറിയിച്ചു.

✪✪✪

മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളുടെ അവലോകന യോഗം നാളെ കോഴിക്കോട് ചെറുവണ്ണൂരിൽ നടക്കും.

രാവിലെ പ്രമുഖ പദ്ധതികളും പരിപാടികളും വിലയിരുത്തും. വൈകീട്ട് പൊലീസ് ഓഫീസർമാരുടെ യോഗം ചേർന്ന് ക്രമസമാധാന പ്രശ്നങ്ങൾ അവലോകനം ചെയ്യും.

വിവിധ വകുപ്പ് സെക്രട്ടറിമാർ, ഡയറക്ടർമാർ, നാല് ജില്ലകളിലെ കലക്ടർമാർ, ജില്ലാ തല ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ റദ്ദാക്കിയ കരാറുകൾ മന്ത്രിസഭാ യോഗം സാധൂകരിച്ചു. ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് പരിഗണിച്ചാണ് പൊതു താൽപര്യം മുൻനിർത്തി കരാറുകൾ സാധൂകരിച്ചത്. പുതിയ ടെണ്ടർ വിളിക്കുന്നത് വൈദ്യുതി നിരക്ക് വർദ്ധനയ്ക്ക് കാരണമാകുമെന്ന് ചീഫ് സെക്രട്ടറി റിപ്പോർട്ടിൽ വിലയിരുത്തി.

✪✪✪

കഴിഞ്ഞ വർഷം മലയാള ദിന പത്രങ്ങളിൽ പ്രസിദ്ധീകരിച്ച ശാസ്ത്ര - സാങ്കേതിക മേഖലയിലെ മികച്ച രചനയ്ക്ക് ഏർപ്പെടുത്തിയ രാജീവൻ കാവുമ്പായി സ്മാരക മാധ്യമ അവാർഡിന് ദേശാഭിമാനി തിരുവനന്തപുരം യൂണിറ്റിലെ അസിസ്റ്റന്റ് എഡിറ്റർ ദിലീപ് മലയാലപ്പുഴ അർഹനായി.

പതിനായിരം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

✪✪✪

ഗോത്ര വിദ്യാർത്ഥികൾക്കായി അഞ്ചു ദിവസത്തെ ചലച്ചിത്ര ശിൽപ്പശാല ഇന്ന് തിരുവനന്തപുരത്ത് ആരംഭിയ്ക്കും. മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. മന്ത്രി കെ.രാധാകൃഷ്ണൻ ഡെലിഗേറ്റ് കിറ്റിന്റെ വിതരണോദ്ഘാടനം നിർവഹിക്കും.

സംസ്ഥാന ചലച്ചിത്ര അക്കാദമി, പട്ടികജാതി- പട്ടികവർഗ പിന്നാക്കക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ശിൽപ്പശാലയിൽ സംസ്ഥാനത്തെ 22 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 75 വിദ്യാർത്ഥികൾ പങ്കെടുക്കും.

✪✪✪

ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ ചരിത്രത്തിലെ ഏറ്റവും മികച്ച മെഡൽ നേട്ടം സ്വന്തമാക്കി ഇന്ത്യയുടെ കുതിപ്പ് തുടരുന്നു. പതിനൊന്നാം ദിവസമായ ഇന്ന് ഒരു സ്വർണവും ഒരു വെങ്കലവും നേടിയ ഇന്ത്യ 16 സ്വർണവും 26 വെള്ളിയും 29 വെങ്കലവും ഉൾപ്പെടെ 71 മെഡലുകളുമായി നാലാം സ്ഥാനത്ത് തുടരുകയാണ്. 2018 ഏഷ്യൻ ഗെയിംസിൽ നേടിയ 70 മെഡലുകളായിരുന്നു ഇന്ത്യയുടെ ഉയർന്ന ഗെയിംസ് മെഡൽ നേട്ടം.

35 കിലോമീറ്റർ മിക്സഡ് ടീം നടത്തത്തിൽ മഞ്ജുറാണി - റാംബാബു സഖ്യം നേടിയ വെങ്കലത്തോടെയാണ് ഇന്ന് ഇന്ത്യയുടെ മെഡൽ വേട്ട ആരംഭിച്ചത്.

മിക്സഡ് അമ്പെയ്ത്ത് കോമ്പൗണ്ട് വിഭാഗത്തിൽ ജ്യോതി സുരേഖ-ഓജസ് പ്രവീൺ സഖ്യം സ്വർണ്ണം സ്വന്തമാക്കിയതോടെ ഇന്ത്യയുടെ ഏഷ്യാഡ് മെഡൽ നില ചരിത്രത്തിലെ ഉയർന്ന നിലയിലെത്തി. ബാഡ്മിന്റണിൽ പി.വി.സിന്ധു, H.S.പ്രണോയ് എന്നിവർ സിംഗിൾസിൽ ക്വർട്ടറിൽ പ്രവേശിച്ച് മെഡൽ സാധ്യത വർദ്ധിപ്പിച്ചു.

ഇന്നലെ പുരുഷന്മാരുടെ 800 മീറ്റർ ഓട്ടത്തിൽ മലയാളി താരം മുഹമ്മദ് അഫ്സൽ വെള്ളി മെഡൽ കരസ്ഥമാക്കിയത് മലയാളികൾക്കാകെ അഭിമാനമായി. വനിതകളുടെ ജാവലിൻ ത്രോയിൽ അന്നു റാണി, 5000 മീറ്റർ ഹീറ്റ്സിൽ പാരുൾ ചൗധരി എന്നിവരും ഇന്നലെ സ്വർണ്ണം നേടിയിരുന്നു.

ജാവലിൻ ത്രോയിൽ സ്വർണ്ണ പ്രതീക്ഷയായ നീരജ് ചോപ്ര വൈകീട്ട് ഫൈനൽ മത്സരത്തിനിറങ്ങും. പുരുഷ ഹോക്കിയിൽ ഇന്ത്യ-ദക്ഷിണ കൊറിയ മത്സരവും ഇന്നാണ്. അമ്പെയ്ത്ത്, ബാഡ്മിന്റൺ, ബോക്സിംഗ്, ചെസ്, ഡൈവിംഗ്, ഹോക്കി തുടങ്ങിയ ഇനങ്ങളിലും ഇന്ത്യൻ താരങ്ങൾ ഇന്ന് മെഡൽ പ്രതീക്ഷയുമായി കളത്തിലിറങ്ങും.

✪✪✪

ഏഷ്യൻ ഗെയിംസിൽ അമ്പെയ്ത്ത് മിക്സഡ് കോമ്പൗണ്ട് ടീം ഇനത്തിൽ സ്വർണം നേടിയ ജ്യോതി സുരേഖയെയും ഓജസ് പ്രവീണിനെയും പ്രധാനമന്ത്രി നരേന്ദ്രമോദി

അഭിനന്ദിച്ചു. അവരുടെ അസാധാരണമായ കഴിവും കൃത്യതയും ടീം വർക്കും മികച്ച ഫലം ഉറപ്പാക്കിയെന്നും അഭിനന്ദനങ്ങൾ നേരുന്നതായും പ്രധാനമന്ത്രി സാമൂഹിക മാധ്യമമായ X-ൽ കുറിച്ചു.

✪✪✪

ഏഷ്യൻ ഗെയിംസിൽ രാജ്യം ഏക്കാലത്തെയും വലിയ നേട്ടം കൈവരിച്ചതായി കേന്ദ്ര കായികമന്ത്രി അനുരാഗ് സിംഗ് ഠാക്കൂർ പറഞ്ഞു. ഗെയിംസിന് തിരശ്ശീല വീഴാൻ അഞ്ച് ദിവസം കൂടി ശേഷിക്കേ പ്രതിഭാധനരായ അത്-ലറ്റുകൾ ചരിത്ര നിമിഷം സാധ്യമാക്കിയെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. 2018 - ലെ ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ 70 മെഡലുകളാണ് ഇന്ത്യ നേടിയത്. ഹാങ്ചൗവിൽ 71 മെഡലുകളാണ് ഇന്ത്യ ഇതുവരെ നേടിയത്.

✪✪✪

ഇന്ത്യ ആതിഥ്യം വഹിക്കുന്ന ഏകദിന ലോകകപ്പ് ക്രിക്കറ്റിന് നാളെ തുടക്കമാകും. അഹമ്മദാബാദിൽ ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ഇംഗ്ളണ്ടും റണ്ണേഴ്സപ്പായ ന്യൂസിലൻഡും തമ്മിൽ ഏറ്റുമുട്ടും. ഉച്ചയ്ക്ക് രണ്ടുമുതലാണ് മത്സരം. പത്ത് ടീമുകളാണ് ലോകകപ്പിന്റെ പതിമൂന്നാം പതിപ്പിൽ പോരിനിറങ്ങുന്നത്.

✪✪✪

ഗോവയിൽ നടക്കുന്ന സന്തോഷ് ട്രോഫി പ്രാഥമിക റൗണ്ട് മത്സരങ്ങൾക്കുള്ള കേരള ടീമിനെ പ്രഖ്യാപിച്ചു. നിജോ ഗിൽബർട്ട് നായകനും സഞ്ജു ഉപനായകനുമാണ്. സതീവൻ

ബാലനാണ് മുഖ്യ പരിശീലകൻ. ഈ മാസം 11-ന് ഗുജറാത്തുമായാണ് കേരളത്തിന്റെ ആദ്യമത്സരം.

✪✪✪

KPCC നേതൃയോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ലോക്സഭാ തെരെഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യാനാണ് ഇന്നും നാളെയുമായി യോഗം ചേരുന്നത്. KPCC പ്രസിഡണ്ട് കെ സുധാകരൻ 140 നിയമസഭാമണ്ഡലങ്ങളിൽ നടത്തുന്ന പര്യടനത്തിന്റെ തിയ്യതിയും യോഗം തീരുമാനിക്കും.

✪✪✪

തട്ടം പരാമർശം സംബന്ധിച്ച വിവാദം തിരുത്തൽകൊണ്ട് മാറ്റാനാവാത്തതാണെന്ന് മുസ്ലീം ലീഗ് ജനറൽ സെക്രട്ടറി P.K കുഞ്ഞാലിക്കുട്ടി പറഞ്ഞു. ഇത് രാഷ്ട്രീയ വിഷയമാണ് - C.P.I.M. മതപരമായ ഇടപെടലിന് തുനിയരുത്. ഇന്ത്യ മുന്നണിയിൽ പെട്ട ഒരു പാർട്ടി ഇത്തരം വിവാദ പരാമർശം നടത്താൻ പാടില്ലായിരുന്നുവെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

✪✪✪

ശരീരത്തിനുള്ളിലും പെറ്റിക്കോട്ടിനുള്ളിൽ ഉണ്ടാക്കിയ പ്രത്യേക അറയിലും സ്വർണം ഒളിപ്പിച്ചു കൊണ്ടു വന്ന രണ്ട് സ്ത്രീകൾ നെടുമ്പാശേരിയിൽ കസ്റ്റംസിന്റെ പിടിയിലായി.

തൃശൂർ സ്വദേശിനി റംലത്ത്, മലപ്പുറം സ്വദേശിനി ഉമൈബ എന്നിവരാണ് പിടിയിലായത്.

ദുബൈയിൽ നിന്നും വന്ന റംലത്ത്  55 ലക്ഷം രൂപ വില വരുന്ന 1,266 ഗ്രാം സ്വർണം നാല് ഗുളികകളുടെ രൂപത്തിലാക്കിയാണ് ഒളിപ്പിച്ച് കടത്താൻ ശ്രമിച്ചത്.

അബുദാബിയിൽ നിന്നും എത്തിയ  ഉമൈബ, ധരിച്ചിരുന്ന പെറ്റിക്കോട്ടിൽ പ്രത്യേക അറയുണ്ടാക്കി അതിനകത്ത് പേസ്റ്റ് രൂപത്തിലാക്കിയാണ്  763 ഗ്രാം സ്വർണം  കടത്താൻ ശ്രമിച്ചത്. ഇതിനു പുറമെ  80 ഗ്രാം സ്വർണാഭരണവും ഇവരിൽ നിന്ന് പിടിച്ചെടുത്തു.  പിടിച്ചെടുത്ത സ്വർണത്തിന് ഏകദേശം 37 ലക്ഷം രൂപ വില വരും.

✪✪✪

കാസർഗോഡ് ജനറൽ ആശുപത്രിയിലെ അനസ്തേഷ്യ വിഭാഗം സീനിയർ കൺസൽട്ടൻറ് ഡോക്ടർ വെങ്കിടഗിരിയെ 2,000 രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ വിജിലൻസ് പിടികൂടി.  ഡിസംബറിൽ നടത്താമെന്നറിയിച്ച  ഹെർണിയ ഓപ്പറേഷൻ  നേരത്തേയാക്കുന്നതിനാണ് ഡോക്ടർ 2,000 രൂപ കൈക്കൂലി ആവശ്യപ്പെട്ടത്.

ഇയാളെ ഇന്ന് തലശ്ശേരി വിജിലൻസ് കോടതിയിൽ ഹാജരാക്കും.

✪✪✪